Mr. J. John Kattakayam . I withdraw the motion.

Chairman : I put it that Demand No. XV—Medical, for Rs. 9,07,087 be passed. The demand was passed and the grant was made.

DEMAND No. XVI—AYURVEDA.

Mr. A. Kumara Pillai : I move for a grant not exceeding Rs. 66,585 under Demand XVI—Ayurveda.

Mr. J. John Kattakayam: വിദേശികളെ ബഹുമാനിക്കുകയും സ്വദേശികളെ അവഗണിക്കുകയും ചെയ്യുന്ന ഒരു പതിവു പലേ സന്ദർഭങ്ങളിലും നമ്മുടെ ഗവണ്മെൻറു് പ്രത്യക്ഷമായി പ്രകടിപ്പിക്കാറുണ്ടു്. അതുപോലെയുള്ള ഒരു മനോഭാവമാണു് ആയുർവേദഡിപ്പാർട്ടുമെൻറിനോടും ഗവണ്മെൻറു കാണിച്ചുകൊണ്ടിരിക്കുന്നതു്. ഞാൻ ഇന്നു രാവിലെ ജനറലാശുപത്രിയിലും ആയുർവേദആശുപത്രിയിലും പോയിരുന്നു. അവിടെ രണ്ടിടത്തും ഇതുവരെ എത്ര രോഗികൾക്കു മരുന്നു കൊടുത്തു എന്നു പരിശോധിക്കുകയുണ്ടായി. ജനറലാശുപത്രിയിൽ ഒന്നര ലക്ഷം പേർക്കും ആയുർവേദ ആശുപത്രിയിൽ നൂറ്റി രണ്ടു പേർക്കും മരുന്നു കൊടുത്തിരിക്കുന്നു. ഇക്കൊല്ലത്തെ ഇന്നുവരെയുള്ള കണക്കാണിതു്. ഗവണ്മെൻറു മെഡിക്കൽ വകുപ്പിനുവേണ്ടി ഒൻപതു ലക്ഷത്തിൽ ചിലപ്പോൾ തുപ്പാ പ്രതിവർഷം ചിലവഴിക്കുമ്പോൾ ഇക്കൊല്ലം അനുവദിച്ചിരിക്കുന്ന കൂടുതൽ തുകകൂടെ ഉൾപ്പെടുത്തി നോക്കിയാൽ കേവലം നൂറ്റി രണ്ടു രൂപ-തുപ്പാ ചിലവാണു് ആയുർവേദത്തിനുവേണ്ടി ചിലവാകുന്നതു്. ഇവ തമ്മിൽ എന്തൊരന്തരമാണുള്ളതെന്നു നോക്കുക. ആയുർവേദാശുപത്രിയിലെ കെട്ടിടങ്ങളുടെ അവസ്ഥയെപ്പറ്റി പറയുകയാണെങ്കിൽ ഇതു വൃത്തിഹീനവും അനാരോഗ്യപ്രദവുമായ ഒരു കെട്ടിടം തിരുവനന്തപുരത്തു വേറേ ഉണ്ടോ എന്നു സംശയമാണു്. ആയുർവേദചികിത്സയും വേണമെന്നു ജനങ്ങൾ മുറവിളിക്കൂട്ടിക്കൊണ്ടിരിക്കുന്നതിനാൽ അവരെ തൃപ്തിപ്പെടുത്തുന്നതിനായി ഇങ്ങനെ ഒരേർപ്പാടു വച്ചിരിക്കുന്നു. എന്നല്ലാതെ ഗവണ്മെൻറു കാര്യമായി ഇതിനെ ഗൌനിക്കുന്നില്ല. ഇൻഡ്യയിലുള്ള പുരാതന ആയുർവേദത്തെ അനുകരിച്ചു പാശ്ചാത്യർ കണ്ടു പിടിച്ചതാണു് ഇംഗ്ലീഷ് വൈദ്യമെന്നു ഞാൻ വിചാരിക്കുന്നു. ഇതിനെ സാധൂകരിക്കുവാൻ ഉദാഹരണങ്ങൾ സുലഭങ്ങൾതന്നെ. സമയപുരുക്കം നിമിത്തം വിസ്തരിക്കുന്നില്ല. ഇത്തരത്തിൽ അധോഗതിയിലേക്കു ആയുർവേദത്തെ നയിക്കുന്നതു് ശരിയല്ല. പുരാതനകാലത്തു വയസ്കര, ഒളശ്ശ, മീനച്ചൽ കുത്താക്കന്മാർ മുതലായ പ്ര

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

സിദ്ധന്മാരായ ഭിഷഗ്വരന്മാർ ഇവിടെ ഉണ്ടായിരുന്നു. ഇപ്പോഴും ഇങ്ങിനെയുള്ള ആളുകൾ സുലഭമാണ്. താഴ്ന്നവരെ യഥാർഹം പ്രോത്സാഹിപ്പിക്കണം.

ഇനി എനിക്കു വിഷവൈദ്യത്തെപ്പറ്റിയാണ് പറയാനുള്ളത്. ഇവിടെ വിഷവൈദ്യമെന്ന പേരു പറഞ്ഞു ധാരാളം പേർ നടക്കുന്നുണ്ട്. ഇവിടെ പാമ്പു കടികൊണ്ടുള്ള മരണം ധാരാളമാണ്. തിരുവല്ല, ചെങ്ങന്നൂർ ആദിയായ മദ്ധ്യതിരുവിതാംകൂറിലെ ഉഷ്ണപ്രദേശങ്ങളിലാണ് പാമ്പുകൾ കൂടുതലുള്ളത്. മലനാടുകളിൽ പാമ്പു ധാരാളമുണ്ടെങ്കിലും മരണം അധികം കാണുന്നില്ല. ഉഷ്ണദേശങ്ങളിൽ വിഷത്തിനു വീര്യം കൂടുമെന്നു തോന്നുന്നു.

Mr. M. P Madhavan Pillai: അങ്ങിനെയുള്ള സ്ഥലങ്ങളിൽ കൂടുതൽ വിഷവൈദ്യശാലകൾ സ്ഥാപിച്ചു കൊടുക്കേണ്ടതല്ലേ?

Mr. J. John Kattakayam: ഇതിന്റെ പ്രതിവിധിക്കു പലതും പ്രവർത്തിക്കണം. പക്ഷെ നമ്മുടെ വിഷവൈദ്യശാലകളെക്കൊണ്ടു വലിയ പ്രയോജനം ഇല്ലെന്നാണ് ഞാൻ പറയുന്നത്.

ബാംബയിലെ ഹാഫ്കിനി ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും പല തരം പാമ്പുകളെവരുത്തി ഡാക്ടറന്മാർ ശാസ്ത്രീയസമ്പ്രദായപ്രകാരം വിഷമെടുത്തു വിഷശമനത്തിനുള്ള ഔഷധങ്ങളും തയ്യാറാക്കിയിട്ടുണ്ട്. അവർ നമ്മുടെ നാട്ടുവിഷവൈദ്യന്മാർ ഉപയോഗിക്കുന്ന ചില പാനം മരുന്നുകളും പരിശോധിച്ചുനോക്കിയതിൽ ഫലമില്ലെന്നും കണ്ടിരിക്കുന്നു. ഇവിടെ വിഷവൈദ്യം കൊണ്ടു മരണമുണ്ടാകുന്നില്ലെങ്കിൽ അതിനുള്ളകാരണം ശരിയായി കടി ഏറ്റിട്ടില്ല എന്നുള്ളതാണ്.

Mr. Kayalam Parameswaran Pillai (*Additional Head Sirkar Vakil*): കടിച്ച പാമ്പിനെ തിരയെ കടിച്ചാൽ നമുക്കു വിഷബാധയുണ്ടാകുകയില്ല എന്നു പറയുന്നതു ശരിയാണോ?

Mr. J. John Kattakayam: ശരിയാണെന്നു എനിക്കറിയാം. പക്ഷെ കടിയേറ്റ മനുഷ്യൻ തന്നെ കടിക്കണം. രണ്ടാമതും പാമ്പു ഇങ്ങോട്ടു കടിച്ചാൽ വീണ്ടും അങ്ങോട്ടു കടിക്കാത്തപക്ഷം അതുകൊണ്ടു ഫലമില്ല.

കാൻസർ രോഗത്തിനും ഈ വിഷമരുന്നുകൾ ഏറ്റവും പറ്റിയതാണ്. അങ്ങിനെയുള്ള മരുന്നുകൾ ഇവിടെ സംഭരിച്ചു ഈ പ്രസ്ഥാനത്തെയും ഇവിടെ നില നിറുത്തിക്കൊണ്ടു പോകുന്നതിനു പയ്യാപ്പുമാ

LIBRARY ARCHIVES Kerala Legislative Assembly

യ പദ്ധതികൾ ഗവണ്മെൻറുണ്ടാക്കണം. ഇവിടെയുള്ള ആയുർവേദ ആശുപത്രിക്ക് ഒരു സ്ഥിരമായ കെട്ടിടം വേണം. ഇവിടെ ഇപ്പോൾ പതിനാലു കിടക്ക മാത്രമേയുള്ളൂ. അതും സമീപകാലത്താണ് ഉണ്ടായതു്. ആണ്ടുതോറും അവിടെ ഇരുപത്തഞ്ചു കിടക്കവീതമെങ്കിലും വർദ്ധിപ്പിച്ചു നാലുവർഷം കൊണ്ടു നൂറു കിടക്കക്രമം ഉണ്ടാക്കിക്കൊടുക്കേണ്ടതു് ആവശ്യമാണ്. നൂറു കിടക്കയാണല്ലോ ജനറലാശുപത്രിയിൽ വച്ചിരിക്കുന്നതു്.

Mr. M. N. Paramesvaran Pillai : കിടക്കമാത്രം കിട്ടിയാൽ മതിയോ? ആഹാരത്തിനുള്ള വകക്രമം വേണ്ടേ?

Mr. J. John Kattakayam : അതും വേണ്ടതാണ്. ഇപ്പോൾ രണ്ടുചക്രമാണ് അവിടെ ആഹാരത്തിനു വച്ചിരിക്കുന്നതു്. അതും പോരാതെയാണിരിക്കുന്നതു്,

Mr. A. N. Visvanatha Pillai : ഇംഗ്ലീഷുവൈദ്യത്തിനുവേണ്ടി ചിലവുചെയ്യുന്ന മരുന്നുകളുടെ പണം പുറത്തേക്കല്ലേ പോകുന്നതു്?

Mr. J. John Kattakayam : അതേ. എന്നാൽ ആയുർവ്വേദത്തിന്റെ സ്ഥിതി അങ്ങിനെയല്ല. ഇവിടെയുള്ള മരുന്നുകളാണ് നമുക്കു വേണ്ടതു്. ഇവിടെ നമ്മുടെ 'വനരാജൻ' ഇരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞാൽ എവിടെയെല്ലാം നല്ല നല്ല മരുന്നുകൾ കിട്ടുമെന്നു കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നതാണ്.

Mr. M. N. Paramesvaran Pillai : ജനറലാശുപത്രിയെപ്പോലെയുള്ള ആശുപത്രികളിൽ പച്ചവെള്ളത്തിൻവേണ്ടി ചിലവാക്കുന്നതുകയെക്കാൾ കുറഞ്ഞ ഒരു തുക മതി ആയുർവേദചികിത്സക്ക് എന്നുള്ളതു മെമ്പർക്കറിയാമോ?

Mr. J. John Kattakayam : എനിക്കറിയാം. പച്ചവെള്ളത്തിന്റെ കഥ പറഞ്ഞപ്പോൾ എനിക്കു വേറെ ഒരു കാര്യം ഓർമ്മ വന്നു. അവിടെ നാം കുടിക്കുന്നതു് നമ്മുടെ പച്ചവെള്ളമല്ല. യൂറോപ്പിലെ പച്ചവെള്ളമാണ്. ഒരു ദേശത്തു താമസിക്കുന്നവർക്കു മറ്റൊരുദേശത്തെ വെള്ളം പിടിക്കുകയില്ല. അതുകൊണ്ടു യൂറോപ്പിലെ വെള്ളം വാസ്തവത്തിൽ നമുക്കു വിഷമാണ്. പോരെങ്കിൽ 'യൂറോപ്യന്റെ വിഷംകലന്നൊരുമരുന്നെന്തിനു മോന്തുന്നു നാം' എന്ന ഒരു പദ്യശകലവും എനിക്കു ഓർമ്മയിൽ വരുന്നു. അതുകൊണ്ടു ഗവണ്മെൻറു ഈ പ്രസ്ഥാനത്തെ കഴിവുള്ളിടത്തോളം നശിപ്പിച്ചു ആയുർവ്വേദത്തെ പ്രോത്സാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

ഫിപ്പിക്കാനാണ് ശ്രമിക്കേണ്ടത്. ആയുർവേദാശുപത്രിയിൽ മരുന്നു തയ്യാറാക്കുന്ന രീതിയും മറ്റും കൂടെക്കൂടി വിസ്തൃതവും പരിഷ്കൃതവുമാക്കിതീർക്കണം.

Mr. Komilezhathu Sankaran : തൈരമ്പിന്റെ ദീനത്തിന് ആയുർവേദത്തിൽ ചികിത്സയുണ്ടോ?

Mr. J. John Kattakayam : തൈരമ്പിന്റെ ദീനത്തിനും തലകറക്കത്തിനും ഒക്കെ ചികിത്സ കാണും

തിരുവിതാംകൂറിലെ ഓരോ പട്ടണത്തിലും ഓരോ ആശുപത്രിക ളെങ്കിലും കുറഞ്ഞപക്ഷം സ്ഥാപിക്കണം. അതിന് തുലോം നിസ്സാര മായ ചിലവേ നമുക്കു വേണ്ടിവരുന്നുള്ളൂ. ജനറലാശുപത്രിയിലെ ചി ലവും ആയുർവേദആശുപത്രിയിലെ ചിലവും തമ്മിലുള്ള വ്യത്യാസം ഞാൻ പറഞ്ഞുവെല്ലോ. ഈ രണ്ടിടത്തും ഉള്ള ചികിത്സയുടെ ഫലം തുല്യംതന്നെയാണ്. പിന്നെ നാമെന്തിനാണു ഭീമമായ സംഖ്യ പ്രതി വർഷം മുടക്കി പാശ്ചാത്യരാജ്യങ്ങളിലേക്കു നമ്മുടെ ധനത്തെ നിരന്തരം അയച്ചുകൊണ്ടിരിക്കുന്നതെന്നു ഞാൻ ഗവണ്മെൻറിനോടു ചോദിക്കുന്നു. ആകയാൽ താഴെ കാണുന്ന സംഗതികൾകൂടി സാധിക്കണം. നേത്രചി കിത്സ, മർമ്മചികിത്സ, സൂതികോപചാരം, വിഷചികിത്സ ഇവ യ്ക്കു പ്രത്യേകം വാർഡുകൾ അനുവദിക്കുക. സ്നേഹനം, വസ്തിമുതലായ വനടത്തുന്നതിനും, കൂടുതൽ ഔഷധങ്ങൾ കൊടുക്കുന്നതിനുമായി പണം അനുവദിക്കുക. അലോപ്പതി ആശുപത്രികളിലെപോലെ ആയുർവേ ദാശുപത്രിയുടേയും സ്റ്റാറസ് വർദ്ധിപ്പിക്കത്തക്കവണ്ണം ശമ്പളത്തിന്റെ ഗ്രേഡു വർദ്ധിപ്പിക്കുക.

Chairman : The time allotted for the voting of Demands for grants has expired. I put to the vote of the House Demand XVI—Ayurveda—for Rs. 66,585.

The grant was made.

Chairman : I put to the vote of the House Demand XVII—Public Health and Sanitation—for Rs. 2,38,225.

The grant was made.

Chairman : I put to the vote of the House Demand XVIII—Registration for Rs. 3,16,798.

The grant was made.

Chairman : I put to the vote of the House Demand XIX—Stamps—for Rs. 83,554.

The grant was made.

Chairman . I put to the vote of the House Demand XX—Administration of the Justice—for Rs. 10,68,790.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

Chairman : I put to the vote of the House Demand XXI—Jails—for Rs. 81,365.

The grant was made.

Chairman : I put to the vote of the House Demand XXII—Ports—for Rs. 13,995.

The grant was made.

Chairman : I put to the vote of the House Demand XXIII—State Charities—for Rs. 11,303,

The grant was made.

Chairman : I put to the vote of the House Demand XXIV—Currency and Mint—for Rs. 398.

The grant was made.

Chairman : I put to the vote of the House Demand XXV—Stationery and Printing—for Rs. 2,86,640.

The grant was made.

Chairman : I put to the vote of the House Demand XXVI—Scientific and Miscellaneous Departments except Co-operative Department—for Rs, 1,14,990

The grant was made.

Chairman : I put to the vote of the House Demand XXVII—Miscellaneous Charges—for Rs. 79,429.

The grant was made.

Chairman : I put to the vote of the House Demand XXVIII—Anchal Department—for Rs. 3,80,235.

The grant was made,

Chairman: I put to the vote of the House Demand XXIX—State Land Mortgage Bank for Rs. 62,350.

The grant was made.

Chairman : I put to the vote of the House Demand XXX—Capital Expenditure not charged to Revenue — Railways — for Rs. 26,200.

The grant was made.

Chairman : I put to the vote of the House Demand XXXI—The Clay Refining and Porcelain Factory—for Rs. 3,00,000.

The grant was made.

Chairman : I put to the vote of the House Demand XXXII—Loans—Agricultural Loans—for Rs. 2,50,000.

The grant was made.

Chairman ; I put to the vote of the House Demand XXXIII Loans—Industrial Loans—for Rs 50,000

The grant was made

LIBRARY ARCHIVES Kerala Legislative Assembly

Chairman : I put to the vote of the House Demand XXXIV—Loans—Other Loans and Advances—for Rs. 5,50,000.

The grant was made.

Chairman : I put to the vote of the House Demand XXXV—Debt Heads—Advances—for Rs. 6,19,300.

The grant was made.

Chairman : I put to the vote of the House Demand XXXVI—Investments on Reproductive Works—Rubber Factory—for Rs. 10,000.

The grant was made.

Chairman : The House will now adjourn. The non-official members may wait for the election of members to the Finance Committee and the Public Accounts Committee.

The Council adjourned at 5-5 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly